## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1551** **31.01.2018 ൽ മറുപടിയ്ക്ക്**

### കേരകേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നാളികേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ കേരകർഷകർക്ക് ഗണ്യമായ വരുമാന വർദ്ധനവ് നേടുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിതരണം, വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിൽ ഒരു കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നാളികേര ഉല്പാദക കമ്പനികൾക്ക് നീര ഉല്പാദനത്തിനായി കെട്ടിട, യന്ത്രസാമഗ്രികൾക്ക് ചിലവായ തുകയുടെ 25% (പരമാവധി 50 ലക്ഷം) ധനസഹായം നൽകുന്ന പദ്ധതിയും കൃഷി വകുപ്പിൽ നിലവിലുണ്ട്.<br>കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ, സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ |

വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ അനന്തസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് 2016 ൽ തിരുവനന്തപുരത്തു വച്ചും 2017 ൽ തൃശ്ശൂർ ജില്ലയിൽ വച്ചും കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് Value Addition for Income Generation in Agriculture (VAIGA) എന്ന പ്രോഗ്രാം കൃഷി വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനയെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ചെറുകിട കർഷക സംരംഭകർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് VAIGA സംഘടിപ്പിച്ചത്.

| | |
|---|---|
| സി) കേരകേരളം പദ്ധതി പ്രകാരം നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) കേരകേരളം എന്നൊരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല. |
| ഡി) നീരയുടെ ഉത്പാദനം വർദ്ധിപ്പിച്ച് കൂടുതൽ വിപണിയിൽ എത്തിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ഡി) ഉണ്ട്. നീരയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ നീര ടെക്നീഷ്യന്മാരുടെ ആവശ്യമുണ്ട്. നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി നാളികേര വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**